"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ


**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ഇരിങ്ങാലക്കുട നഗരസഭയിലെ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജു.പി.പി-യുടെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.


**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.240/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 29/01/2021

പരാമർശം:- 1 നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 03.12.2020 തിയതിയിലെ ഇ8- 8155/2020(1) നമ്പർ ഉത്തരവ്.

2 നഗരകാര്യ ഡയറക്ടറുടെ 03.12.2020 തിയതിയിലെ ഇ8- 8155/2020 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 30.07.2001-ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജു.പി.പി ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ 31.01.2012 ൽ ആണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ വിജയിച്ച തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം രണ്ട് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 30.07.2001ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജു.പി.പി ഈ തസ്തികയിൽ രണ്ടുവർഷത്തെ സേവനം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (30.07.2004വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം ഒന്ന് പ്രകാരം നിയമനാധികാരി ദീർഘിപ്പിച്ച ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 30.07.2001 തീയതിയിൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജു.പി.പി 31.01.2012 തീയതിയിൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ വിജയിച്ചത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.02.2012 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ച നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 31.07.2004 മുതൽ 02.02.2012 വരെ കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.രാജു.പി.പി, , എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ, ഇരിങ്ങാലക്കുട നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ